**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1821** **20-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംസംസ്ഥാനത്തൊട്ടാകെയാണ് നടപ്പാക്കി വരുന്നത് നിയോജക മണ്ഡലം തിരിച്ച് പദ്ധതികൾ നടപ്പാക്കി വരുന്നില്ല.<br><br>സാമൂഹ്യനീതി ഡയറക്ടേറ്റ് മുഖേന സമൂഹത്തിലെ പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമുള്ള വിവിധ പദ്ധതികൾ പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ജില്ലാ തലത്തിലാണ് തുക വിനിയോഗിക്കുന്നത്. കഴിഞ്ഞസാമ്പത്തിക വർഷം വിവധ പദ്ധതികൾക്കായി ആലപ്പുഴ നിയോജക മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>സ്റ്റേറ്റ് ഇൻഷ്യറ്റീവ് ഓൺ ഡിസെബിലിറ്റിസ് മുഖേന സംസ്ഥാനത്തൊട്ടാകെ 25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ആലപ്പുഴ നിയോജക മണ്ഡലത്തിൽ ആര്യാട് പഞ്ചായത്തിലെ ഫാമിലി ഹെൽത്ത് സെന്ററിൽ മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും അവയ്ക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി ഡയറക്ടേറ്റിന് കീഴിൽ ജില്ലാ പ്രൊബേഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ട് ടി സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമില്ല. കോടതി ബിൽഡിംഗിൽ വാടകരഹിതമായ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.<br><br>ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഒ സി ബി ഗ്രാന്റോടു കൂടി പ്രവർത്തിക്കുന്ന സ്വന്തമായി കെട്ടിടമുള്ള സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | 1.കരുണാലയ ഹോസ്പൈസ് ഓൾഡ് ഏജ് ഹോം, ആലപ്പുഴ<br><br>2. സ്നേഹാ ഭവൻ , പി എച്ച് ഹോം, വിസിറ്റേഷൻ കോൺവെന്റ് , കലവൂർ .<br><br>3. മരിയൻ ദിവ്യ , കരുണാലയം , പി എച്ച് ഹോം, പൊന്നാട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പദ്ധതിയുടെ പേര് | അനുവദിച്ച തുക (രൂപയിൽ) |
|---|---|---|
| 1 | പരിരക്ഷ | 4,60,000/- |
| 2 | ഇംപ്രസ്റ്റ് മണി | 25,000/- |
| 3 | വിദ്യാകിരണം | 17,00,000/- |
| 4 | വിദ്യാജ്യോതി | 1,00,000/- |
| 5 | സ്വാശ്രയ | 1,40,000/- |
| 6 | പരിണയം | 3,90,000/- |
| 7 | വിജയാമൃതം | 9,000/- |
| 8 | മാതൃജ്യോതി | 1,72,000/- |
| 9 | സഹചാരി | 11,000/- |
| 10 | വയോരക്ഷ | 4,30,495/- |
| 11 | മന്ദഹാസം | 2,10,000/- |
| 12 | ട്രാൻസ്ജെൻഡർ വിവാഹ ധനസഹായം | 60,000/- |
| 13 | കരുതൽ | 71,360/- |
| 14 | TG Scholarship | 40,000/- |
| 15 | TG Hostel Fee | 40,000/- |
| 16 | യത്നം | 40,000/- |
| 17 | സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് | 19,08,340/- |
| 18 | മുൻ കുറ്റവാളികൾക്കായുള്ള സ്വയംതൊഴിൽ ധനസഹായ പദ്ധതി | 75,000/- |
| 19 | പ്രൊബേഷണർമാർക്കുള്ള സ്വയം തൊഴിൽ ധനസഹായ പദ്ധതി | 75,000/- |
| 20 | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ ധനസഹായ പദ്ധതി | 30,000/-, |
| 21 | തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി | 59,000/- |
| 22 | അതിക്രമത്തിന് ഇരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി | 6,000/- |
| 23 | ജീവനം<br>അതിക്രമത്തിനിരയായവർക്കുള്ള സ്വയംതൊഴിൽ ധനസഹായ പദ്ധതി | 40,000/- |
| 24 | മിത്രം | 50,000/- |